'ഭരണഭാഷ– മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത് - ലൈഫ് ഗുണഭോക്താവായ ശ്രീമതി. പുഷ്പ, നമ്പുകുളങ്ങരയ്ക്ക് ലൈഫ് മിഷൻ ഭവന പദ്ധതി പ്രകാരം ധനസഹായം നൽകുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.2819/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 10/12/2019

പരാമർശം:- 1 ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.7.2019ലെ കത്തും മാരാരിക്കുളം തെക്ക ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 21.12. 2018 ലെ തീരുമാനവും

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 24.10.2019ലെ യോഗതീരുമാനം നം 2.3 (4.26)

## ഉത്തരവ്

ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ക്രമ നമ്പർ 20 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി. പുഷ്പ, നമ്പുകുളങ്ങര എന്ന ഗുണഭോക്താവിന് ഇ എംഎസ് ഭവന പദ്ധതിയിൽ 75,000/- രൂപ നൽകിയിരുന്നു. എന്നാൽ പദ്ധതി പൂർത്തിയാക്കുന്നതിന് മുൻപ് വീടും സ്ഥലവും വിറ്റു. പഞ്ചായത്തിൽ നിന്നും അനുവദിച്ച 75,000/- രൂപയും പലിശയായി 32475/- രൂപയുമടക്കം ടിയാൾ പഞ്ചായത്തിൽ അടച്ചു. ഇവർക്ക് ലൈഫ് പദ്ധതി പ്രകാരം വീടിനു ധനസഹായം നൽകാൻ അനുമതി നൽകണമെന്നു പരാമർശം ഒന്ന് പ്രകാരം ആവശ്യപ്പെട്ടിരുന്നു

2. സർക്കാർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം 2 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്തിലെ ശ്രീമതി. പുഷ്പ, നമ്പുകുളങ്ങര എന്ന ഗുണഭോക്താവിന് (ലൈഫ് ഗുണഭോക്തൃ ലിസ്റ്റ് ക്രമ നം 20) ലൈഫ് ഭവന പദ്ധതി പ്രകാരം ധനസഹായം നൽകുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത്, ആലപ്പുഴ

ജില്ലാ പ്ലാനിംഗ് ഓഫീസർ, ആലപ്പുഴ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ